പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

14/07/2014- ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7451

## ഗോസുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. എ.റ്റി.ജോർജ്ജ്:<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് "ഗോസുരക്ഷാ പദ്ധതി" നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) കേന്ദ്ര സർക്കാർ ധനസഹായത്തോടുകൂടി 11 ജില്ലകളിലും സംസ്ഥാന സർക്കാർ ധന സഹായത്തോടെ 3 ജില്ലകളിലും കെ.എൽ.ഡി.ബോർഡും, മൃഗസംരക്ഷണ വകുപ്പും സംയുക്തമായി ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരികയായിരുന്നു. 2014-15 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ നൽകിയ പുതിയ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് എല്ലാ ജില്ലകളിലും സംസ്ഥാന സർക്കാർ വിഹിതം കൂടി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | ബി) കന്നുകാലികൾക്ക് മരണമോ, സ്ഥിരമായ ഉത്പാദന നഷ്ടമോ സംഭവിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുതുക്കിയ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഈ പദ്ധതിയിൽ ആട്, പന്നി, മുയൽ തുടങ്ങിയവയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. |

| | |
|---|---|
| സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദമാക്കുമോ; | സി) ഇതുവരെ പ്രീമിയം തുകയുടെ 50% കേന്ദ്രസർക്കാരും ബാക്കി 50% ഗുണഭോക്താവും നൽകി വരുന്നു. എന്നാൽ പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാർ ആകെ പ്രീമിയം തുകയുടെ 25 മുതൽ 60 ശതമാനം വരെ വിവിധ വിഭാഗങ്ങൾക്കായി നൽകുന്നതാണ്.<br>ഈ പദ്ധതിയുടെ കീഴിൽ കന്നുകാലികളെ കൂടാതെ ആട്, പന്നി, മുയൽ തുടങ്ങിയ വയേയും ഇൻഷ്വർ ചെയ്യാവുന്നതാണ്.<br>വെറ്ററിനറി ഡോക്ടർമാർക്കുള്ള ടാഗ്ഗിംഗ് ഫീസും, പോസ്റ്റുമോർട്ടം ഫീസും പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർഷകരിൽ ഈ പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിച്ച്, പദ്ധതി പ്രചരിപ്പിക്കുവാനുള്ള മുഴുവൻ തുകയും പദ്ധതിയിനത്തിൽ നൽകുന്നതാണ്. |
| ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്, വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) കേന്ദ്രസർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാ ജില്ലകളിലും പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ വിഹിതം കൂടി നൽകേണ്ടതുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കി നടപടികൾ തുടരുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ